"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് – പതിമൂന്നാം പഞ്ചവത്സര പദ്ധതി – തദ്ദേശ ഭരണസ്ഥാപനങ്ങളുടെ 2021-22 വാർഷിക പദ്ധതി നിർവഹണം ത്വരിതപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.474/2022/LSGD തീയതി,തിരുവനന്തപുരം, 26-02-2022

പരാമർശം:- 1. സ.ഉ. (കൈ) നം.4/2021/തസ്വഭവ; തീയതി 11.01.2021

2. സ.ഉ. (സാധാ) നം.6591/2021/ ധന; തീയതി 07.10.2021

3. സ.ഉ. (സാധാ) നം. 114/2022/തസ്വഭവ; തീയതി 15.01.2022

4. സ.ഉ(സാധാ) നം. 1276/2022/ധന; തീയതി 24.02.2022

<u>ഉത്തരവ്</u>

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2021-22 വാർഷിക പദ്ധതി നിർവഹണം ത്വരിതപ്പെടുത്തുന്നതിന് സർക്കാർ ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

2. എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും നിർവഹണ ഉദ്യോഗസ്ഥരുടെ അവലോകന യോഗം വിളിച്ച് ചേർത്ത് നടപ്പ് വാർഷിക പദ്ധതി നിർവഹണം വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. നിർവഹണ ഉദ്യോഗസ്ഥരുടെ അഭാവം കാരണം പദ്ധതി നിർവഹണം തടസ്സപ്പെടുന്നില്ലെന്ന് വകുപ്പ് മേധാവികളും ജില്ലാതല ഉദ്യോഗസ്ഥരും ഉറപ്പാക്കണം. ആവശ്യമായ ക്രമീകരണങ്ങൾ ജില്ലാതല ഉദ്യോഗസ്ഥർ വരുത്തണം. ഇത് സംബന്ധിച്ച് ഉണ്ടാകുന്ന പരാതികൾ പരിശോധിച്ച് അപ്പപ്പോൾ പരിഹാരം കാണുന്നതിന് വേണ്ട നടപടികൾ ജില്ലാ ആസൂത്രണ സമിതി സ്വീകരിക്കേണ്ടതാണ്. സർട്ടിഫിക്കറ്റുകളും സാക്ഷ്യപത്രങ്ങളും ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും നിർവഹണ ഘട്ടത്തിൽ ഉണ്ടാകുന്ന സംശയങ്ങൾ ദൂരികരിക്കുന്നതിനുമുള്ള നടപടികളും ജില്ലാ ആസൂത്രണ സമിതികൾ സ്വീകരിക്കണം.

4. നടപ്പ് വാർഷിക പദ്ധതിയിൽ പൊതുവെ മാറ്റങ്ങൾ അനുവദനീയമല്ല. എന്നിരുന്നാലും ആവശ്യമെങ്കിൽ ഒഴിവാക്കാനാകാത്തതും അടിയന്തിര പ്രാധാന്യമുള്ളതുമായ ചുവടെ പ്രതിപാദിക്കുന്ന ഭേദഗതികൾ വരുത്താവുന്നതാണ്.

1. വാതിൽപ്പടി സേവന പ്രോജക്ട് ആദ്യഘട്ടത്തിൽ നടപ്പാക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുക.

2. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ മോണിട്ടറിംഗ് സംവിധാനം (സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം) നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കുന്നതിനുള്ള പ്രോജക്ട് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുക. (കെൽട്രോണിന് സർവ്വീസ് ചാർജ്, QR കോഡ് സൗകര്യം ലഭ്യമാക്കൽ, മൊബൈൽ ഫോൺ റീചാർജ് തുക, ലാപ് ടോപ് വാങ്ങൽ തുടങ്ങിയവ)
3. ടേക്ക്-എ-ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും പൊതു ശുചിമുറികളും നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾ പുതുതായി ഏറ്റെടുക്കുകയോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുകയോ ചെയ്യുക.
4. കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ടുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുക, നിലവിലുള്ള പ്രോജക്ടിന്റെ വിഹിതം വർദ്ധിപ്പിക്കുക.
5. ലൈഫ് മിഷൻ പ്രോജക്ടിന് കൂടുതൽ തുക ആവശ്യമാണെങ്കിൽ വിഹിതം വർദ്ധിപ്പിക്കുക
6. മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഹിതം കൂട്ടിച്ചേർത്ത് സംയുക്ത പ്രോജക്ടുകൾ പരിഷ്കരിക്കുക.
7. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എസ്.സി.എസ്.പി/ടി.എസ്.പി യിലെ പൊതു പ്രോജക്ടുകൾക്ക് ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ലഭിക്കാതെ വന്നാൽ ഇത്തരം പ്രോജക്ടുകൾ ഒഴിവാക്കി പുതിയ പ്രോജക്ട് ഏറ്റെടുക്കുക. (ഇത്തരത്തിൽ ഒഴിവാക്കുന്ന പ്രോജക്ടുകൾ ഫീസിബിൾ അല്ലായെന്ന് ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തണം)
8. ഏതെങ്കിലും. കേന്ദ്ര-സംസ്ഥാന പദ്ധതി പ്രകാരം വിഹിതം ലഭിച്ചിട്ടുണ്ടെങ്കിൽ തദ്ദേശ ഭരണ സ്ഥാപന വിഹിതം കൂടി വകയിരുത്തി പുതുതായി പ്രോജക്ട് ഏറ്റെടുക്കുക.
9. ഐ.എൽ.ജി.എം.എസ് വിന്യസിക്കുന്നതിലേക്കായി ഹൈസ്പീഡ് സ്കാനർ മുതലായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുക.
10. 2021-22 ലെ നഗരസഞ്ചയ ഗ്രാന്റ് വകയിരുത്തി നിർവഹണം നടത്തുന്നതിന് ഉദ്ദേശിക്കുന്ന പ്രോജക്ടുകൾ ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുക.
11. കൂടുതൽ തുക ആവശ്യമായ പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുക.
12. വാർഷിക പദ്ധതിയിലെ ഏതെങ്കിലും പ്രോജക്ടിന് വെറ്റിംഗ് ഓഫീസറുടെ അനുമതി ലഭിക്കാതിരിക്കുകയോ സാങ്കേതികാനുമതി ലഭിക്കാതിരിക്കുകയോ മറ്റേതെങ്കിലും കാരണത്താൽ പ്രൊജക്റ്റ് നടപ്പാക്കാൻ പറ്റാതെ വരുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ പകരം പ്രോജക്ടുകൾ ഏറ്റെടുക്കുക.
13. മതിയായ കാരണങ്ങളാൽ നിർവഹണം തുടങ്ങാൻ കഴിയാത്ത പ്രോജക്ടുകൾക്ക് പകരം പ്രോജക്ടുകൾ ഏറ്റെടുക്കുക (ഉദാ:- സ്ഥലം ലഭിക്കാതിരിക്കുക)
14. ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചതും മാർഗ്ഗരേഖ/സബ്സിഡി നിരക്ക് പാലിക്കാതെയുമുള്ള പ്രോജക്ടുകൾക്ക് പകരം പ്രോജക്ടുകൾ ഏറ്റെടുക്കുക.
15. ടെണ്ടർ നടപടി പൂർത്തിയായതും നിർവഹണം പൂർത്തിയായതുമായ പ്രോജക്ടുകളിലെ സേവിംഗ്സ് ഉപയോഗിച്ച് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുക - ഇതനുസരിച്ച് സേവിംഗ്സ് ലഭ്യമായ പ്രോജക്ടുകളും ഭേദഗതി ചെയ്യാവുന്നതാണ്.
16. കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഈ വർഷം തന്നെ 'നിലാവ്' പ്രോജക്ട് നടപ്പാക്കാൻ കഴിയുമെന്ന പ്രതീക്ഷയിൽ കിഫ്ബിക്ക് തിരിച്ചടവ് സംഖ്യ നൽകുന്നതിനു വേണ്ടി ഗ്രാമപഞ്ചായത്തുകളും നഗരഭരണസ്ഥാപനങ്ങളും നടപ്പ് വാർഷിക പദ്ധതിയിൽ പ്രോജക്ട്

ഉൾപ്പെടുത്തിയിട്ടുണ്ട്. നിലാവ് പ്രോജക്ട് നടപ്പാക്കിയിട്ടില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്കും, നിലാവ് പ്രോജക്ട് നടപ്പാക്കി വരികയാണെങ്കിലും ഈ വർഷം തുക തിരിച്ചടക്കേണ്ട ആവശ്യമില്ലാത്ത തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും, തിരിച്ചടവിനായി ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ട് ഉപേക്ഷിച്ച് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

17. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 2020-21 സാമ്പത്തിക വർഷം അനുവദിച്ചതിൽ നിന്ന് ആ വർഷം ചെലവഴിക്കാൻ കഴിയാതിരുന്ന തുക 2021-22 ൽ പരാമർശം 2 പ്രകാരം പുനരനുവദിച്ചിട്ടുണ്ട്. ഈ തുക പൂർണ്ണമായി വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.
18. 2020-21 സാമ്പത്തിക വർഷം രണ്ടാം ഗഡു റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും ഇലക്ട്രോണിക്സ് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനായി സ്രോതസ്സിൽ കുറവ് ചെയ്ത തുക ഇപ്പോൾ പരാമർശം 4 പ്രകാരം തിരികെ അനുവദിച്ചിട്ടുണ്ട്. ഈ തുക വിനിയോഗിക്കുന്നതിനുള്ള പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുകയോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുന്നതിന് ഉപയോഗിക്കുകയോ ചെയ്യാവുന്നതാണ്.
19. ഏതെങ്കിലും പ്രോജക്ടുകളിൽ വിവരങ്ങൾ കൂടുതൽ ഉൾപ്പെടുത്തി നിർവ്വഹണയോഗ്യമാക്കേണ്ടതുണ്ടെങ്കിൽ അത്തരം പ്രോജക്ടുകളും ഭേദഗതി ചെയ്യാവുന്നതാണ്.

5. വാർഷിക പദ്ധതി ഭേദഗതിയുടെ ഭാഗമായി പുതുതായി ഏറ്റെടുക്കാൻ നിർബന്ധിതമാകുന്ന പ്രോജക്ടുകൾക്ക് വിഹിതം കണ്ടെത്തുന്നതിനും നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുന്നതിനും, ഖണ്ഡിക 4(12) മുതൽ 4(16) വരെ പ്രതിപാദിക്കുന്ന കാരണങ്ങളാൽ ലഭ്യമാകുന്ന വിഹിതം ഉപയോഗിക്കേണ്ടതാണ്. അതിന് കഴിയുന്നില്ലെങ്കിൽ മാത്രമേ മറ്റ് പ്രോജക്ടുകൾ ഭേദഗതി ചെയ്ത് വിഹിതം കണ്ടെത്താൻ പാടുള്ളു.

6. അനിവാര്യമായ ഭേദഗതികൾക്ക് മാത്രമേ അംഗീകാരം നൽകുന്നുള്ളൂവെന്ന് ജില്ലാ ആസൂത്രണസമിതികൾ ഉറപ്പാക്കണം.

7. സ്രോതസ്സിൽ കുറവ് ചെയ്ത (deduction at source) തുക വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനും ചെലവ് രേഖപ്പെടുത്തുന്നതിനുമുള്ള ക്രമീകരണം (ജി.ഒ പ്രോജക്ട് ക്രമീകരണം) സുലേഖ/സാംഖ്യ സോഫ്റ്റ് വെയറുകളിൽ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഈ സൗകര്യം ഉപയോഗിച്ച് പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല. അത്തരം തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് അതിനുള്ള പ്രോജക്ടുകൾ ഇപ്പോൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവ് രേഖപ്പെടുത്താവുന്നതുമാണ്. ലഭ്യമായ തുകയ്ക്കുള്ളിൽ (വാലിഡേഷനുള്ളിൽ) നിന്നും തുക കണ്ടെത്തി പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിന് ശ്രമിക്കണം. അതിന് കഴിയുന്നില്ലെങ്കിൽ മാത്രം വാലിഡേഷന് പുറത്ത് പ്രോജക്ടുകൾ ഉൾപ്പെടുത്തി ചെലവ് രേഖപ്പെടുത്താവുന്നതാണ്. വിവിധ ആവശ്യങ്ങൾക്ക് കുറവ് ചെയ്തിട്ടുള്ള തുക പ്രത്യേക പ്രോജക്ടുകളായി ഉൾപ്പെടുത്തണം. ഇപ്രകാരം ഉൾപ്പെടുത്തുന്ന ഒരു പ്രോജക്ടിന്റെ വിഹിതം ഒന്നുകിൽ പൂർണ്ണമായി വാലിഡേഷനുള്ളിൽ കൊണ്ടുവരണം; അല്ലെങ്കിൽ വാലിഡേഷന് പുറത്ത് നിർത്തണം. ഭാഗികമായി വാലിഡേഷനുള്ളിൽ കൊണ്ടുവരാൻ കഴിയുന്നതല്ല. (ഉദാ: ലൈഫ് ഭവന പദ്ധതി വായ്പാ തിരിച്ചടവിന് പൊതു വിഭാഗം സാധാരണ വിഹിതത്തിൽ നിന്നും 5.00 ലക്ഷം രൂപ കുറവ് ചെയ്തിട്ടുണ്ടെങ്കിൽ അത് ഒറ്റ പ്രോജക്ടായി ഒന്നുകിൽ വാലിഡേഷന് ഉള്ളിലോ അല്ലെങ്കിൽ

വാലിഡേഷന് പുറത്തോ ഉൾപ്പെടുത്തണം). സ്രോതസ്സിൽ കുറവ് ചെയ്ത ആവശ്യങ്ങൾക്ക് വിഹിതം നൽകുന്നതിനുള്ള പ്രോജക്റ്റ് നേരത്തെ തന്നെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ പ്രോജക്റ്റ് ഭേദഗതി ചെയ്ത് വിഹിതം കണ്ടെത്തേണ്ടതും പുതിയ പ്രോജക്റ്റ് (ജി.ഒ. പ്രോജക്റ്റ്) ഉൾപ്പെടുത്തി ചെലവ് തുക രേഖപ്പെടുത്തേണ്ടതുമാണ്.

8. പരിഷ്കരിച്ച വാർഷിക പദ്ധതി 2022 മാർച്ച് 10-നകം ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കേണ്ടതാണ്. പദ്ധതി നിർവഹണത്തിന് ഈ സാമ്പത്തിക വർഷം ഇനി വളരെ കുറച്ച് സമയമേ ലഭിക്കുകയുള്ളൂ എന്നതിനാൽ ആദ്യമാദ്യം സമർപ്പിക്കുന്നവർക്ക് വേഗത്തിൽ നിർവഹണം ആരംഭിക്കുന്നതിലേക്ക് ജില്ലാ ആസൂത്രണ സമിതികൾ ഇടയ്ക്കിടെ യോഗം ചേർന്ന് അംഗീകാര നടപടികൾ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. പഞ്ചായത്ത് ഡയറക്ടർ
9. നഗരകാര്യ ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
12. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാകളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
18. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
19. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
20. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
21. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
22. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
23. ഡയറക്ടർ ജനറൽ, കില
24. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
25. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എ.യ്ക്ക്